**പതിമൂന്നാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 507

09.02.2016-ലെ മറുപടിയ്ക്ക്

## സഹകരണ മേഖലയിലെ ആഡിറ്റ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ<br>,, വർക്കല കഹാർ<br>,, സി.പി.മുഹമ്മദ്<br>,, ആർ.സെൽവരാജ് | | ശ്രീ.സി.എൻ.ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ മേഖലയിൽ ആഡിറ്റ് സമകാലികമാക്കാൻ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (ബി) | 97-ാം ഭരണ ഘടനാ ഭേദഗതി അനുസരിച്ച് സഹകരണ നിയമത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം സഹകരണ സ്ഥാപനങ്ങളുടെ ആഡിറ്റ് സാമ്പത്തിക വർഷം അവസാനിച്ച് 6 മാസത്തിനകം പൂർത്തീകരിക്കുന്നതോടെ അംഗങ്ങൾക്കും പൊതുജനങ്ങൾക്കും സംഘത്തിന്റെ സാമ്പത്തിക സ്ഥിതിയെ കുറിച്ച് യഥാസമയം വിലയിരുത്താൻ സാധിക്കും. സഹകരണ സ്ഥാപനങ്ങളിലെ ആഡിറ്റുകൾ സമകാലികമാക്കുന്നതോടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി സംഘങ്ങൾക്കാവശ്യമായ ധനസഹായങ്ങൾ ലഭ്യമാക്കുന്നതിന് കഴിയുകയും അംഗങ്ങൾക്കും പൊതുജനങ്ങൾക്കും സഹകരണ സ്ഥാപനങ്ങളിലുള്ള വിശ്വാസ്യത |

നിലനിർത്താൻ സഹായകമാകുകയും ചെയ്യും.

| | | | |
|---|---|---|---|
| (സി) | പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (സി) | 1.4.2013 മുതൽ 31.12.2013 വരെ നടന്ന ആഡിറ്റ് കുടിശ്ശിക നിവാരണം പദ്ധതി 2013-ന്റെ ഭാഗമായി ആഡിറ്റുകൾ പൂർത്തിയാക്കുന്നതിന് ആവശ്യമായ ആഡിറ്റർമാർ ഇല്ലാതിരുന്ന സാഹചര്യത്തിൽ നിലവിലെ ആഡിറ്റർമാർക്കു പുറമെ വകുപ്പിലെ തന്നെ റിട്ടയർ ചെയ്ത ആഡിറ്റർമാരുടെ സേവനം ലഭ്യമാക്കിയിരുന്നു. കൂടാതെ ജനറൽ വിഭാഗത്തിലെ ഇൻസ്പെക്ടർമാരെയും ആഡിറ്റിന് നിയോഗിക്കുകയും ചെയ്തിരുന്നു. സഹകരണ ചട്ടം വകുപ്പ് 64(3) പ്രകാരം സാമ്പത്തിക വർഷം അവസാനിച്ച് 60 ദിവസത്തിനകം സംഘങ്ങളുടെ ഇനവും തരവും അടിസ്ഥാനമാക്കി ഓരോ വിഭാഗവും ആഡിറ്റ് ചെയ്യേണ്ട ആഡിറ്റർമാരുടെ പദവിയും നിശ്ചയിച്ച് ഒരു പാനൽ പ്രസിദ്ധീകരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചു വരുന്നു. ആയതിന് കാലതാമസം ഉണ്ടാകുന്നതിനാൽ 31.12.2015 വരെ നിലവിലുള്ള രീതി തുടരുവാൻ സർക്കാരിന്റെ ജി.ഒ(പി) നം.83/2015/സഹ നമ്പർ ഉത്തരവ് അനുസരിച്ച് ഇളവ് അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ